"A motion for an adjournment of the business of the Assembly for the purpose of discussing a definite matter of urgent public importance may be made with the consent of the President.

Rule 20 says that a statement has to be made to the Assembly on the matter. So I request the Chair to give a ruling as to whether a statement should state that the matter is of urgent public importance or the notice of a motion must contain the whole story.

MR. PRESIDENT : ഇത് ഒരു സ്പെസിഫിക്ക് മാറ്ററിനെ സംബന്ധിച്ചല്ലെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ആ റൂളിംഗിനെപ്പറ്റി പുനഃപരിശോധന ചെയ്യണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

അടുത്ത പ്രമേയം മി. കെ. ആർ. ഇലങ്കത്തിന്റേതാണ്.

"I move that the business of the House be adjourned to discuss a definite matter of urgent public importance, viz., the plight of a large number of students who have failed in the last E. S. L. C. Examination and been refused readmission to schools."

കഴിഞ്ഞ ഇ. എസ്. എൽ. സി. പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പ്രവേശനം നിഷേധിക്കുകയും അവരുടെ പഠിത്തം തുടർന്നുകൊണ്ടുപോകാൻ സൗകര്യം ഇല്ലാതെയും വന്നിരിക്കുന്ന ഗുരുതരമായ നിലയെപ്പറ്റി ചർച്ചചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്.

ഈ പ്രമേയം കാർഡറിൽ ആണെന്ന് ഞാൻ തീരുമാനിക്കുന്നു. ഇത് അവതരിപ്പിക്കുന്നതിന് ഈ സഭ അനുവദിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

അവതരിപ്പിക്കുവാൻ സമ്മതിക്കുന്നവർ എഴുനേൽക്കണം.

(൫൦ പേരിൽ കൂടുതൽ എഴുനേല്ക്കുന്നു.)

MR. PRESIDENT : ൫൦ പേരിൽ കൂടുതൽ ഇതിനെ അനുകൂലിക്കുന്നതിനാൽ അടുത്ത വ്യാഴാഴ്ച ഉച്ചകഴിഞ്ഞു് ൪ മണിക്ക് ഇത് ആലോചനക്കെടുക്കുന്നതാണ്.

അടുത്ത പ്രമേയം മിസ്സസ്. ദേവകിഗോപിദാസിന്റേതാണ്.

"സ്റ്റേറ്റ് ട്രാൻസ്പോർട്ടഡിപ്പാർട്ടുമെന്റും പ്രൈവറ്റ് ബസ് ഉടമസ്ഥന്മാരും സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന ലൈനുകളിൽ പെട്രോൾ നൽകായ്ക കാരണമുണ്ടായ ബസ്സുകളും സർവ്വീസും കുറച്ചതുനിമിത്തം പൊതുജനങ്ങൾക്ക് യാത്രചെയ്യുന്നതിന് നേരിട്ടിരിക്കുന്ന പരിതാപകര

LIBRARY ARCHIVES Kerala Legislative Assembly

[Mr. President]

മായ ബുദ്ധിമുട്ടുകളേയും അസൗകര്യങ്ങളേയും കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനായി സമാനടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു."

ഈ സംഗതിയിൽ എനിക്കു പറയുവാനുള്ളത് ഇതിൽ ക്ലിപ്തമായ ഏതെങ്കിലും ഒരു സംഗതിയെപ്പറ്റി പ്രസ്താവിക്കുന്നില്ലെന്നും അനേകകാലങ്ങളായി യാതൊരു അസൗകര്യങ്ങൾ ഉണ്ടെന്നുമാണ് ഇതിൽ പറഞ്ഞിരിക്കുന്നതു എന്നുമാണ്. അതുകൊണ്ട് ആദ്യത്തെ അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുള്ള രണ്ടാംഭാഗം ഇതിനേയും ബാധിക്കുന്നതാണ്. അതുകൊണ്ടു ഇതു അവതരിപ്പിക്കുന്നതിനുള്ള അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത പ്രമേയവും മിസ്സസ്. ദേവകിഗോപിദാസിനേറതാണ്.

"തിരുവിതാംകൂറിൽ ഇക്കൊല്ലത്തെ ഇംഗ്ലീഷ് സ്കൂൾഫയനൽ പരീക്ഷയിൽ പാസ്സായിട്ടുള്ള ബ്രാഹ്മണേതരപക്ഷം കുട്ടികൾക്കും തിരുവിതാംകൂർ കാളേജുകളിൽ പ്രവേശനം കിട്ടുവാൻ നിവർത്തിയില്ലാതെ കുട്ടികളും രക്ഷകർത്താക്കന്മാരും അനുഭവിക്കുന്ന സങ്കടാവസ്ഥയേയും അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനേയും കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതിനായി സമാനടപടികൾ നിർത്തിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു".

ഇതു ഓർഡറിൽ ആണെന്നു ഞാൻ തീരുമാനിക്കുന്നു. അതിനെ ആരെങ്കിലും എതിർക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. അനുകൂലിക്കുന്നവർ എഴുന്നേൽക്കണം. (ഭരിപക്ഷമെമ്പറന്മാർ അനുകൂലിച്ചു എഴുന്നേറ്റുനിന്നു.)

MR. K. A. MOHAMMED : ഇങ്ങനെ Adjournment motion വരുമ്പോൾ അതിനെസംബന്ധിച്ചു മെമ്പറന്മാർക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അവർ അതിനെക്കുറിച്ചു പ്രസ ചെയ്യുന്നില്ലെങ്കിൽ അതിനെക്കുറിച്ചു discuss ചെയ്യേണ്ട സമയംതന്നെ ലഭിക്കാതെവരും. അതുകൊണ്ട് അങ്ങനെ ഒരു നിർദ്ദേശം പ്രസിഡൻറവർകൾ ചെയ്താൽ കൊള്ളാം.

MR. KRISHNAN AIYAPPAN : അദ്ദേഹം പറയുന്നതു എന്താണെന്ന് ഞങ്ങളെക്കൂടി അറിയിച്ചാൽ കൊള്ളാം.

MR. PRESIDENT : മെമ്പറന്മാർ പറയുന്നതു വിളിച്ചുപറയാൻ എന്നെക്കൊണ്ടു സാധ്യമല്ല.

MR. KRISHNAN AIYAPPAN : അതു കേൾക്കുന്നതിനുള്ള ഞങ്ങളുടെ അവകാശം നഷ്ടപ്പെടുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly